**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5473** **24-03-2025 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിൽ അഭ്യന്തര വിജിലൻസ് സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റിൽ അഭ്യന്തര വിജിലൻസ് സെൽ രൂപീകരിക്കാനും ഇന്റേണൽ വിജിലൻസ് ഓഫിസറിന്റെ ചുമതല ഏതെങ്കിലും സീനിയർ ഉദ്യോഗസ്ഥന് നൽകാനും സർക്കാർ നിർദ്ദേശം നല്കിയിരുന്നോ; എന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2017 ഡിസംബറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ രമേശ് റ്റി -യെ ഇന്റേണൽ വിജിലൻസ് ഓഫീസറായി നിയമിച്ച 08/08/2019-ൽ ഉത്തരവായിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. എന്നാൽ സി-ഡിറ്റിൽ നിലവിൽ ആർക്കും തന്നെ ഇന്റേണൽ വിജിലൻസ് ഓഫീസറുടെ ചുമതല നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത നിർദ്ദേശാനുസരണം സി-ഡിറ്റിൽ ഏതെങ്കിലും ഉദ്യോഗസ്ഥന് ഇന്റേണൽ വിജിലൻസ് ഓഫീസറുടെ ചുമതല നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 2017 ഡിസംബറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ രമേശ് റ്റി -യെ ഇന്റേണൽ വിജിലൻസ് ഓഫീസറായി നിയമിച്ച 08/08/2019-ൽ ഉത്തരവായിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. എന്നാൽ സി-ഡിറ്റിൽ നിലവിൽ ആർക്കും തന്നെ ഇന്റേണൽ വിജിലൻസ് ഓഫീസറുടെ ചുമതല നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത ഉത്തരവിന്റെ പകർപ്പ് സി-ഡിറ്റ് ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണ് ലഭ്യമാക്കിയതെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദമാക്കുമോ; | (സി) | ശ്രീ രമേശ് റ്റി -യെ ഇന്റേണൽ വിജിലൻസ് ഓഫീസറായി നിയമിച്ച ഉത്തരവ് സർക്കാരിന്റെ സിറ്റിസൺ പോർട്ടലിൽ ലഭ്യമാക്കിയിരുന്നു. |
| (ഡി) | ഇന്റേണൽ വിജിലൻസ് ഓഫിസറുടെ പ്രവർത്തനം എപ്രകാരമാകണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | 11.06.1997 ലെ സ.ഉ (പി) നമ്പർ 34/1997/വിജി ഉത്തരവ് പ്രകാരം സംസ്ഥാനത്തിലെ വിവിധ സർക്കാർ വകുപ്പുകൾ /സ്ഥാപനങ്ങളിൽ ഇന്റേണൽ വിജിലൻസ് സെല്ലുകൾ രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണൽ വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് സെൽ മേധാവിമാരെ നിയമിക്കുന്നത് സംബന്ധിച്ചുള്ള |

| | | | |
|---|---|---|---|
| | | | മാർഗ്ഗനിർദ്ദേശങ്ങളും 04.05.2023 ലെ സ.ഉ (പി) 4/2023/വിജി പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

13 AUG 2019

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

AO

വിജിലൻസ് വകുപ്പ് - വിജിലൻസ് ശാക്തീകരണം - ശ്രീ.രമേഷ് .റ്റി , അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ , സി- ഡിറ്റ് - വിജിലൻസ് ഓഫീസറായി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിജിലൻസ് (സി) വകുപ്പ്

സ.ഉ.(സാധാ) നം.111/2019/VIG തീയതി,തിരുവനന്തപുരം, 08/08/2019

---

പരാമർശം:- 1 11.06.1997 ലെ.സ.ഉ(അച്ചടി) നം.34/97/വിജി.

2 ഇലക്ട്രോണിക്സ് & ഐ.ടി ( സി ) വകുപ്പിന്റെ 17.05.2019 ലെ IT-C2/422/2017/വിസവ നമ്പർ അനൗദ്യോഗിക കുറിപ്പ്.

3 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.04.2018 ലെ NOC -22669/2019/DVACB നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഇലക്ട്രോണിക്സ് & ഐ.ടി (സി) വകുപ്പിന്റെ പരാമർശം 2 പ്രകാരമുള്ള കുറിപ്പിന്റെ അടിസ്ഥാനത്തിൽ ശ്രീ.രമേഷ് .റ്റി (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ , സി- ഡിറ്റ്) യെ സി- ഡിറ്റിലെ വിജിലൻസ് ഓഫീസറായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രകാശ് സി വി
ഡെപ്യൂട്ടിസെക്രട്ടറി

20/8/19

പകർപ്പ് :-

രജിസ്ട്രാർ , സി-ഡിറ്റ് ,ചിത്രാഞ്ജലി ഹിൽസ് , തിരുവല്ലം .പി. ഓ , തിരുവനന്തപുരം - 695 027

ശ്രീ.രമേഷ് .റ്റി , അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ , സി- ഡിറ്റ് ( രജിസ്ട്രാർ , സി-ഡിറ്റ്

മുഖാന്തിരം)

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വിവരവും പൊതുജനസമ്പർക്കവും വകുപ്പ്
ഇലക്ട്രോണിക്സ് & ഐ.ടി ( സി ) വകുപ്പ് (ആ വകുപ്പിന്റെ 17.05.2019 ലെ IT-C2/422/2017/വിസവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

സ്റ്റോക്ക്ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by RASMI T
Date: 2019.08.09 10:17:51 IST
Reason: Approved

സെക്ഷൻ ഓഫീസർ